**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1030** **25-01-2018-ൽ മറുപടിക്ക്**

**അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. രാജൻ :** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി (കേരള അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് പദ്ധതി) പ്രകാരം 2016 - 17 ൽ സംസ്ഥാനത്ത് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷം അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി ഇനത്തിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപ അനുവദിച്ചിരുന്നു. അതിൽ 13,00,000 ( പതിമൂന്ന് ലക്ഷം) രൂപ ചെലവഴിച്ചു |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസ വേതന തൊഴിലാളികൾ എന്ന നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടം സംഭവിച്ചാൽ 2000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. |
| (സി) | 2016 - 17 വർഷത്തിൽ ഈ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 1,56,000/- ( ഒരു ലക്ഷത്തി അമ്പത്തി ആറായിരം ) രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ